# സത്യവിശ്വാസ യോദ്ധാവ്

ഫാ. ജീസസ് കടിയന്തുരുത്തിലിന്റെ
80-ാം ജന്മദിന പൗരോഹിത്യ
കനകജൂബിലി സ്മരണിക

പ്രസാധകർ
സ്മരണിക സമിതി
സെന്റ്. ജോർജ് വലിയപള്ളി
പുതുപ്പള്ളി

# പുതുപ്പള്ളി പള്ളി ചരിത്രവും കടിയന്തുരുത്തിൽ അച്ചനും

ബിജു കുര്യൻ കളമ്പുകാട്ട്, പുതുപ്പള്ളി

## പുതുപ്പള്ളിപ്പള്ളി

മലങ്കര സുറിയാനി സഭയിലെ, വിശേഷാൽ കോട്ടയം ഭദ്രാസനത്തിലെ, പ്രശസ്തവും പ്രമുഖവുമായ പള്ളികളിലൊന്നാണ് പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളി. അവസാന തുള്ളി രക്തവരെയും, തന്റെ യജമാനനെ (യേശുക്രിസ്തുവിനെ) എതിർത്തു പറയാതെ, ഇടപതറാതെ പോരാടി വിജയം വരിച്ച നിസ്തുല യോദ്ധാവും, പിശാചുക്കൾക്ക് ഭയങ്കരനും, സത്യവിശ്വാസികൾക്ക് നല്ല മാതൃകയും, ദുഃഖിതർക്ക് ആശ്വാസ കേന്ദ്രവും, രോഗികൾക്ക് ഔഷധവുമായി സർവശക്തന്റെ മഹാ സാക്ഷിയും ആയ 'പുതുപ്പള്ളി പുണ്യവാളൻ' എന്ന് എട്ടുനാടും കീർത്തി കേട്ടതുമായ വിശുദ്ധനായ മോർ ഗീവറുഗീസ് സഹദായുടെ പുണ്യനാമത്തിൽ സ്ഥാപിതമായതും അവിടുത്തെ അനുഗൃഹിതമായ സാന്നിദ്ധ്യം കൊണ്ട് വിഖ്യാതവുമായ പുതുപ്പള്ളി പള്ളി ജാതി, മത, വർണ്ണ, വർഗം വ്യത്യാസമില്ലാതെ സകലർക്കും, അഭയ കേന്ദ്രമായി പഴമയുടെ പാരമ്പര്യവും പ്രശസ്തിയുടെ പ്രൗഢിയും പേറി നിലനില്ക്കുന്നു.

പത്രോസ് ശ്ലീഹായാൽ സ്ഥാപിതവും, ലോകത്തിലെ ഏററവും പുരാതനമായതുമായ സിറിയൻ ഓർത്തഡോക്സ് (യാക്കോബായ) സഭയുടെ കുർബാനക്രമം, കർത്താവും ശ്ലീഹൻമാരും, സംസാരിച്ചതും, കർതൃ ഭാഷയുമായ സുറിയാനിയിലാണ് സഭയുടെ ആരാധനക്രമം തയ്യാറാക്കപ്പെട്ടത്.

വി. ആരാധനയോടുള്ള ഭക്തി ബഹുമാനം വർദ്ധിച്ചിരിക്കുകയും, എന്നാൽ അതിനു വേണ്ടതായ സൗകര്യങ്ങളും, സാഹചര്യങ്ങളും, പരിമിതവും ആയിരിക്കുന്ന അവസരത്തിലാണ് പുതിയ ദൈവാലയങ്ങൾ സ്ഥാപിതമാകുന്നത്. എല്ലാ പള്ളികളുടെയും, സ്ഥാപന ചരിത്രങ്ങൾക്ക് പിമ്പിൽ ഏതെങ്കിലും സംഭവങ്ങൾ കാണും. പുതുപ്പള്ളിപള്ളിയുടെ സ്ഥപനത്തിന് പിമ്പിലും ഒരു സംഭവ ചരിത്രമുണ്ട്. എന്നാൽ ചരിത്രം സ്ഥിരീകരിക്കാൻ പോന്ന ഒരു ആധികാരിക ചരിത്ര പുസ്തകങ്ങളും ഇല്ല. അതിനാൽ പള്ളിയെപററി വ്യത്യസ്തമായ രീതികളിൽ ചരിത്രമെഴുതിയ ചെറിയമഠത്തിലച്ചന്റെയും

Z. M. പാറേട്ടിന്റെയും പള്ളി ചരിത്രങ്ങളും, പുതുപ്പള്ളിയിലെ ചില പ്രമുഖ കുടുംബാംഗങ്ങളുടെ ചരിത്രത്തോടൊപ്പം ആ ലേഖനം ചെയ്തിട്ടുള്ള പള്ളിചരിത്രവും, പള്ളിപാട്ടും, സഭാചരിത്ര പുസ്തകങ്ങളെയും ആശ്രയിച്ച് ഒരു നിഗമനത്തിലെത്തിച്ചേരാനുള്ള ശ്രമം മാത്രമാണ് ഈ ലേഖനംകൊണ്ട് ഉദ്ദേശിക്കുന്നത്.

പുതുപ്പള്ളി പള്ളിയുടെ സ്ഥാപനവർഷത്തെ സംബന്ധിച്ചും, മാതൃദേവാലയം ഏത് എന്നും ഉള്ളതിനെപ്പററി അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നു. പള്ളിയുടെ ചരിത്രം എഴുതിയ ചെറിയമഠത്തിലച്ചനും, Z. M. പാറേട്ടും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. മററുചില പുസ്തകങ്ങളിലും, അഭിപ്രായഐക്യം ഇല്ലാത്ത രീതിയിലാണ് എഴുതിയിരിക്കുന്നത്. രണ്ടു കാര്യങ്ങളെപ്പററിയും (സ്ഥാപനവർഷവും, മാതൃദേവാലയവും) സാഹചര്യങ്ങൾ വച്ചാണ് എഴുതിയിരിക്കുന്നത്.

## 1. സ്ഥാപനവർഷം

ചെറിയമഠത്തിലച്ചന്റെ ചരിത്രപ്രകാരം 1640ൽ കൊച്ചുപള്ളിക്കുന്നിൽ പള്ളി സ്ഥാപിച്ചു. ഏതാനും മാസങ്ങൾക്കുശേഷം, പള്ളി ഇപ്പോൾ സ്ഥിതിചെയ്യുന്ന ഇളംതുരുത്തിക്കുന്നിലേക്കു മാററി സ്ഥാപിച്ചു.

കോട്ടയം ചെറിയപള്ളിപ്പാട്ടിൽ പുതുപ്പള്ളിപള്ളിയെക്കുറിച്ച് ഒരു പരാമർശം ഉണ്ട് എങ്കിലും അതു ശരിയാകാൻ സാദ്ധ്യതയില്ല. കാരണം പള്ളിപ്പാട്ടുകൾ പൊതുവായി പള്ളി സ്ഥാപിച്ചു വളരെ വർഷങ്ങൾക്കുശേഷം എഴുതപ്പെട്ടിരിക്കുന്നവയാകയാൽ തെററുകൾ ഉണ്ടാവുക സ്വാഭാവികമാണ്. ഉദാഹരണമായി പുതുപ്പള്ളി പള്ളിപ്പാട്ടിൽ, 1750ൽ വലിയ മോർ ദീവന്നാസ്യോസ് പള്ളികൂദാശ ചെയ്തു എന്നു കാണുന്നു. ഇതു ചരിത്രവസ്തുതകൾക്കു നിരക്കാത്തതാണ്. (ഇതിനെക്കുറിച്ചു പിന്നാലെ വിവരിക്കുന്നുണ്ട്). ഇതുപോലെ തെററുകൾ ഉണ്ടാകാൻ സാദ്ധ്യത ഉണ്ട്. പുതുപ്പള്ളിപള്ളി 1640ൽ തന്നെയാണു സ്ഥാപിച്ചത് എന്ന വിശ്വാസത്തിൽ അച്ചൻ ഉറച്ചുതന്നെ നില്ക്കുകയും ചെയ്യുന്നു.

ചെറിയമഠത്തിലച്ചനെ പിൻതാങ്ങിക്കൊണ്ട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ എഴുതിയ പള്ളി ചരിത്രത്തിൽ (പുതുപ്പള്ളി പള്ളിചരിത്രവും, പാറേട്ട് ചരിത്രവും) ചെറിയപള്ളി പാട്ടിനെക്കുറിച്ചു വിവരിക്കുന്നതിന്റെ ചുരുക്കം ഇതാണ്. പ്രസ്തുത പാട്ടിൽ കാണുന്ന നാലു പള്ളികളും (കോട്ടയം വലിയ



പള്ളി, മണർകാട്, പുതുപ്പള്ളി) പ. ദൈവമാതാവിന്റെ നാമത്തിലാണ് എന്നും അടുത്തടുത്തു കാണുന്ന നാലു പള്ളികളെക്കുറിച്ചുമാണ്. കോട്ടയം വലിയപള്ളിയും ചെറിയപള്ളിയും അടുത്തടുത്ത് ആണു സ്ഥിതിചെയ്യുന്നത് അതുപോലെ മണർകാട്ട് രണ്ടു പള്ളികൾ അത്ര ദൂരത്തിലല്ലാതെ ഉണ്ടായിരുന്നു. ഏ. ഡി. 1560ൽ പാടത്തുമാപ്പിള പണിയിപ്പിച്ച പഴയ മണർകാട് പള്ളിയും 1585 നടത്തു പണി മുഴുവനാക്കിയ മണർകാട്ടെ പുതിയ പള്ളിയും (പുതുപ്പള്ളി) ആണു ചെറിയപള്ളി പാട്ടിൽ കാണുന്നത്. പുതുപ്പള്ളിപള്ളി ആദ്യം സ്ഥാപിച്ചതു ബഹനാൻ സഹദായുടെ പള്ളിയായും, പിന്നീട് അവിടെനിന്നു ബഹനാൻ സഹദായുടെ ത്രോണോസ് എടുത്തു മോർ സ്ളീബാ പള്ളിയായി ഏതാനും മാസങ്ങൾക്കുശേഷം മാററി സ്ഥാപിക്കുകയുമാണ് ഉണ്ടായത്. ഇതിനാൽ ചെറിയപള്ളി പാട്ടിൽ കാണുന്ന മാതാവിന്റെ നാമത്തിൽ ഉള്ള 'പതുപ്പള്ളി', പുതുപ്പള്ളി വലിയപള്ളി അല്ല.

കോട്ടയം വലിയപള്ളി സ്ഥാപിച്ചു 7 വർഷം കഴിഞ്ഞും ചെറിയപള്ളി സ്ഥാപനത്തിനു 22 വർഷം മുമ്പും, അതായതു ഏ. ഡി. 1557ൽ കൊച്ചുപള്ളിക്കുന്നിൽ പള്ളി സ്ഥാപിക്കുകയും ഏ. ഡി. 1640–ൽ പള്ളി ഇപ്പോൾ ഇരിക്കുന്ന ഇളംതുരുത്തിക്കുന്നിലേക്കു മാററി സ്ഥാപിച്ചു എന്നതാണു Z. M. പാറേട്ടിന്റെ വാദം. ഇതിനു നിദാനമായി കോട്ടയം ചെറിയപള്ളി പാട്ടും പുതുപ്പള്ളി പാട്ടും ആണ് അദ്ദേഹം ചേർത്തിട്ടുള്ളത്.

Z. M. പാറേട്ടിന്റെ കുടുംബചരിത്രം ഉൾക്കൊള്ളുന്ന (താഴത്ത് കരോട്ടു കുടുംബചരിത്രം) പുസ്തകത്തിൽ കോട്ടയം ചെറിയപള്ളി സ്ഥാപിക്കുന്ന അവസരത്തിൽ പുതുപ്പള്ളി പള്ളി ഉണ്ടായിരുന്നു എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. 1967–ൽ ഇറക്കിയ കോട്ടയം ഭദ്രാസന ഡയറക്ടറിയിലും ഈ അഭിപ്രായം തന്നെയാണു രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരമുള്ള രണ്ടു ചരിത്രങ്ങളാണു പള്ളിയുടെ സ്ഥാപനത്തെ സംബന്ധിച്ചു കാണുന്നത്.

## 2. മാതൃദേവാലയം

മാളേക്കൽ യാക്കോബ് എന്ന ആൾ പുതുപ്പള്ളിയിൽ കുടിയേറി പാർത്ത അവസരത്തിൽ ഇവിടെയുണ്ടായിരുന്ന പ്രധാനമായ നാലു വീടുകളിൽ ഒന്നായ കാരാപ്പുഴ വീട്ടിലേക്കു തന്റെ മകളെ വിവാഹം ചെയ്ത് അയയ്ക്കാൻ തീരുമാനിച്ചു. പുതുപ്പള്ളിപള്ളിയുടെ മാതൃദേവാലയമായ, മണർകാട്

പള്ളിയിൽവച്ച് വിവാഹം നടത്തി. അന്നത്തെ ആചാരപ്രകാരം പള്ളിയിൽനിന്നു വെട്ടുകട ആവശ്യപ്പെട്ടപ്പോൾ 'പുതുപ്പള്ളിക്ക് ഇവിടെ കടയില്ല' എന്നു പറഞ്ഞ് ആക്ഷേപിച്ചു. ഇതിൽ കുപിതനായ, യാക്കോബ് പുതുപ്പള്ളിയിലെ നാല് പ്രധാന വീട്ടുകാരുമായി ആലോചിച്ച് 1640 ൽ കൊച്ചുപള്ളിക്കുന്നിൽ ആദ്യത്തെ പള്ളി സ്ഥാപിച്ചു. ഇപ്രകാരം മണർകാട്ട്നിന്നു പിണങ്ങി സ്ഥാപിച്ച പള്ളിയാണ് പുതുപ്പള്ളി എന്നു ചെറിയമഠത്തിലച്ചൻ വിവരിക്കുന്നു.

പുതുപ്പള്ളിപള്ളിയുടെ മാതൃദേവാലയം നിരണംപള്ളിയുടെ കുരിശുപള്ളിയായ ചങ്ങനാശ്ശേരി പള്ളി ആയിരുന്നു എന്നാണു Z. M. പാറേട്ടിന്റെ പക്ഷം. പുതുപ്പള്ളി ചങ്ങനാശ്ശേരി താലൂക്കിലായിരുന്നു എന്നും, നിരണം ക്രിസ്ത്യാനികളുമായി പുതുപ്പള്ളിക്കാർക്ക് ബന്ധമുണ്ടായിരുന്നുവെന്നും അദ്ദേഹം പരാമർശിക്കുന്നു. എന്നാൽ ഈ ബന്ധം രണ്ടു സഹോദരങ്ങൾ തമ്മിലുള്ള ബന്ധമാണ് എന്ന് Z. M. പാറേട്ടിന്റെ കുടുംബചരിത്ര പുസ്തകത്തിൽ കാണുന്നു. ടി കുടുംബചരിത്രത്തിൽ ചങ്ങനാശ്ശേരിയിൽനിന്നു പിരിഞ്ഞു എന്നതിനോട് യോജിക്കുന്നില്ല എന്നും കാണുന്നുണ്ട്.

## മാതൃദൈവാലയം ഏത്, സ്ഥാപനം എന്ന്

പുതുപ്പള്ളിപള്ളിയുടെ സ്ഥാപനവർഷം 1640 ൽ നടന്നു എന്ന ചെറിയമഠത്തിലച്ചന്റെ ചരിത്രം ശരിയാകാനാണു സദ്ധ്യത കാരണം 1599 ൽ ഉദയംപേരൂർ സുന്നഹദോസ് നടത്തിയ മെനസിസ് കോട്ടയത്തെ ക്രൈസ്തവ ദൈവാലയങ്ങൾ സന്ദർശിച്ച പള്ളികളുടെകൂടെയും 1653 ൽ നടന്ന കൂനൻകുരിശ് സത്യത്തിനു ശേഷമുള്ള പുത്തൻകൂറ്, പഴയകൂറ് വിഭാഗക്കാരുടെയും പള്ളികളുടെ ലിസ്റ്റിലും പുതുപ്പള്ളിപള്ളിയില്ല. 1640 ൽ സ്ഥാപിച്ച പള്ളിയുടെ പേര് 1653 ൽ കാണുന്നില്ല എന്നത് ഒരു വലിയ പൊരുത്തക്കേടായി വായനക്കാർക്ക് തോന്നാം. ഇതിന്റെ ഉത്തരം ഒന്നുമാത്രമാണ്. 1640 ൽ പള്ളിസ്ഥാപനം നടന്നു എങ്കിലും ഇടവകക്കാരുടെ കുറവുമൂലമാകാം പള്ളിയുടെ പ്രവർത്തനം ശരിയായി നടന്നുകാണുകയില്ല. 1653 ന് ശേഷം ഒന്നാം മോർതോമ്മാ മെത്രാന്റെ കീഴിൽ പള്ളികൾ അഭിവൃദ്ധിപ്പെട്ടപ്പോൾ പുതുപ്പള്ളിയും അതിലുൾപ്പെട്ട് വളർച്ച നേടി.

പുതുപ്പള്ളിപള്ളിയുടെ മാതൃദേവാലയം മണർകാടോ, ചങ്ങനാശ്ശേരിയോ എന്നതും ചരിത്രകാരന്മാർക്ക് അഭിപ്രായ ഐക്യം ഇല്ലാത്ത വിഷയമാണ്. പുതുപ്പള്ളി, ചങ്ങനാശ്ശേരി താലൂക്കിലായധിനാൽ നിരണം പള്ളിയുടെ കുരിശുപള്ളിയായ ചങ്ങനാശ്ശേരിപള്ളിയാണ് മാതൃദൈവാലയം എന്നു കരുതുന്നതിൽ



കഴമ്പില്ല. പുതുപ്പള്ളിയിലെ ക്രൈസ്തവ കുടുംബാംഗങ്ങൾ പലപ്പോഴായി പുതുപ്പള്ളിയിലേക്കു കുടിയേറിയവരാണ്. അവരിൽ ചില കുടുംബാംഗങ്ങളുടെ മാതൃദേവാലയം ചങ്ങനാശ്ശേരി പള്ളി ആയിരിക്കാം എന്നത് ന്യായമാണ്. എന്നാൽ ഇതുകൊണ്ട് മററുള്ള കുടുംബക്കാര്യം ചങ്ങനാശ്ശേരി പള്ളിയെ ആശ്രയിച്ച് ആത്മീയകാര്യങ്ങൾ നടത്തി എന്ന് ചിന്തിക്കാൻ അവകാശമില്ല. പുതുപ്പള്ളിയുടെ അടുത്ത കരയായ മണർകാട്ട് സ്ഥിതിചെയ്യുന്ന പള്ളിയാണ് പുതുപ്പള്ളിപള്ളിയുടെ മാതൃദൈവലയം എന്ന നിഗമനമാണ്, കൂടുതൽ ശരിയാകാൻ സാദ്ധ്യതയുള്ളത്. ചുരുക്കത്തിൽ 1640 ൽ സ്ഥാപിച്ച പുതുപ്പള്ളിപള്ളിയുടെ മാതൃദേവാലയം മണർകാട് പള്ളിയാണ്.

ഇപ്പോൾ പള്ളിയിരിക്കുന്ന ഇളംതുരുത്തി കുന്നിലേക്കു 1640ൽ പള്ളി മാററിസ്ഥാപിച്ചു എന്ന് എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്നുണ്ട്. അന്നു സ്ഥാപിച്ച പള്ളിയുടെ പ്രധാന ത്രോണോസ് ഇന്നും വലിയപള്ളിയുടെ തെക്കുവശത്തെ ത്രോണോസ് ആയി നിലനിർത്തിയിരിക്കുന്നു. ഇത് ബഹനാൻ സഹദായുടെ മുറി എന്ന പേരിൽ അറിയപ്പെടുന്നു.

1750 ആയപ്പോഴേക്കും ഇടവകജനങ്ങളുടെ എണ്ണം വർദ്ധിക്കുകയും പള്ളിയുടെ വലുപ്പം വർദ്ധിപ്പിക്കേണ്ടതായും വന്നു. 1750 ൽ പള്ളിയുടെ പണി പൂർത്തീകരിച്ച് വലിയ മോർദീവന്നാസ്യോസ് ഇപ്പോഴത്തെ വലിയപള്ളിയുടെ കൂദാശ നടത്തി എന്നു പള്ളിപ്പാട്ടിൽ കാണുന്നു. എന്നാൽ 1770 ൽ ആണ് പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധികളായിരുന്ന യൂഹാനോൻ മോർ ഗ്രീഗോറിയോസും, യൂഹാനോൻ മാർ ഈവാനിയോസും കൂടി ആറാം മോർതോമ്മായെ മോർ ദീവന്നാസ്യോസ് എന്ന സ്ഥാനനാമത്തിൽ വാഴിച്ചത്. അതുകൊണ്ടു വലിയപള്ളിയുടെ പണി 1750 ൽ തുടങ്ങി 1770 ലോ അതിനടുത്ത വർഷങ്ങളിലോ കൂദാശ നടന്നുവെന്ന് കരുതുന്നതാണ് ശരി.

വലിയപള്ളിയുടെ മദ്ബഹാ മുഴുവനും വിവിധ ചിത്രപണികളാൽ അലംകൃതമാണ്. മദ്ബഹായിലെ ചുവർചിത്രങ്ങൾ ഇലച്ചാറുകളും, വർണപ്പൊടികളും ഉപയോഗിച്ച് വരച്ചിട്ടുള്ളതാണ്. പള്ളിയകത്തെ ചെറിയ ത്രോണോസുകൾക്ക് മുൻപിൽ വരച്ചിട്ടുള്ള ദൈവമാതാവിന്റെ ചിത്രവും, ക്രൂശിതനായ ക്രിസ്തുവിന്റെ ചിത്രവും അത്യാകർഷണങ്ങളാണ്. ശില്പ കലാഭംഗി തുടിക്കുന്നതായ മനോഹരമായ ക്ദൂശ്കുദിശിനും പ്രധാന മദ്ബഹായിലുണ്ട്.

പ്രധാന ത്രോണോസ് മോർഗീവർഗീസ് സഹദായുടെ നാമത്തിലും വടക്കുവശത്തെ ത്രോണോസും, പ്രധാന മദ്ബഹായുടെ

താഴത്തുള്ള വടക്കുവശത്തെ ത്രോണോസും ദൈവമാതാവിന്റെ നാമത്തിലുമുള്ളതാണ്. ഇപ്രകാരം ദൈവമാതാവിന്റെ നാമത്തിൽ രണ്ടു ത്രോണോസുകളുള്ള മലങ്കരയിലെ ഏക പള്ളി പുതുപ്പള്ളിപള്ളിയാണ് എന്നു കരുതപ്പെടുന്നു. തെക്കുവശത്തെ ത്രോണോസ്(പഴയപള്ളിയുടെപ്രധാന ത്രോണോസ്) ബഹനാൻ സഹദായുടെ നാമത്തിലാണ്. പ്രധാന മദ്ബഹായുടെ താഴത്തുള്ള ത്രോണോസ് ആരുടെ നാമത്തിലാണ് എന്ന് അറിവില്ല.

ആദ്യകാലത്തു പള്ളിയകത്തുതന്നെയാണ് ശവസംസ്കാരം നടത്തിവന്നിരുന്നത്. എന്നാൽ 1750 ന് ശേഷമുണ്ടായ ഒരു തർക്കത്തെതുടർന്ന് പള്ളിയകത്തുനിന്നു ശവസംസ്കാരം നടത്തുന്നതിന് ഒരു പുതിയ പള്ളി (സെമിത്തേരി പള്ളി) സ്ഥാപിച്ചു. ഈ പള്ളിയാണ് കൊച്ചുപള്ളി എന്ന നാമത്തിൽ അറിയപ്പെടുന്നതും, പള്ളിമുററത്തുതന്നെ സ്ഥിതിചെയ്യുന്നതും.

വലിയ പള്ളി സ്ഥാപിച്ച് അധിക കാലം കഴിയുന്നതിന് മുൻപ് തന്നെ പള്ളി പുരോഗതിയുടെ പാതയിലെത്തുകയും വസ്തു വകകൾ ഉണ്ടാവുകയും പള്ളി പ്രശസ്തിയിലെത്തിചേരുകയും ചെയ്തു. പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ അന്ത്യോഖ്യായിൽ ചെന്ന് മെത്രാൻ സ്ഥാനം സ്വീകരിച്ച് മടങ്ങിയെത്തിയതിനെ തുടർന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ നവീകരണപ്രവർത്തനങ്ങൾ അന്വേഷിക്കാൻ പ.സിംഹാസന പ്രതിനിധിയായി മലങ്കരയിലെത്തിയ യൂയാക്കിം മോർ കൂറിലോസ് തിരുമേനിയും പള്ളിയിൽ താമസിച്ചിട്ടുണ്ട്. പള്ളിയിൽ നിലനിന്നിരുന്ന പല അനാചാരങ്ങളും നിർത്തലാക്കിയത് മോർ കൂറിലോസ് തിരുമേനിയാണ്.

പുലിക്കോട്ടിൽ ജോസഫ് അച്ചൻഅന്ത്യോഖ്യായിൽ ചെന്ന് മെത്രാൻ സ്ഥാനം സ്വീകരിച്ച് 1865 ൽ മലങ്കരയിലെത്തി എങ്കിലും രാജാവിന്റെ തിരുവെഴുത്ത് ലഭിക്കാഞ്ഞതിനാൽ ഭൂരിപക്ഷം വരുന്ന സഭാംഗങ്ങൾ കൂടെ ഉണ്ടായിരുന്നിട്ടും പാലക്കുന്നത്ത് അത്താനാസ്യോസിനെ ജയിക്കുവാൻ സാധിക്കാതെ വന്നു.പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് തിരുമേനി. വിവരം പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ അറിയിച്ചു.ബാവ 1875 ൽ മലങ്കരയിൽ എത്തി. 1876 ൽ മുളന്തുരുത്തി പള്ളിയിൽ വച്ച് ഒരു സുന്നഹദോസ് നടത്തി. മലങ്കര സഭയ്ക്കായി ഒരു ജനായത്ത ഭരണ സംവിധാനം ഉണ്ടാക്കി തരികയും ചെയ്തു. പ്രസ്തുത സുന്നഹദോസിൽ പുതുപ്പള്ളി പള്ളിയിൽ നിന്ന് പടിഞ്ഞാറെക്കുറ്റ് യാക്കോബ് കത്തനാരും രണ്ട് അത്മായക്കാരും സംബന്ധിച്ചു. സഭയുടെ ദൈനംദിന കാര്യ നടത്തുവാൻ 8 വൈദികരും 16 അത്മായരും അടങ്ങുന്ന ഒരു



കമ്മിററിയെ നിശ്ചയിച്ചു. പ്രസ്തുത കമ്മിററിയിൽ പുതുപ്പള്ളി പള്ളിയുടെ വികാരി ആയിരുന്ന ഇളംതുരുത്തിൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പായും ഉൾപെട്ടിരുന്നു. ഇപ്രകാരം സഭാംഗങ്ങൾ ആവശ്യപ്പെടാതെ തന്നെ അവർക്ക് ജനായത്ത ഭരണ സംവിധാനം ഉണ്ടാക്കി തന്ന പ. പാത്രിയർക്കീസ് ബാവാ 1877ൽ പുതുപ്പള്ളിപള്ളിയിലേക്ക് എഴുന്നെള്ളി.ഇടവകാംഗങ്ങൾ വലിയ ആഘോഷ സന്നാഹങ്ങളോടെ പ. ബാവായെ സ്വീകരിച്ചു. ഈ അവസരത്തിൽ ഇടവകയിലെ വികാരിമാരും, ജനങ്ങളും കൂടി സ്വമനസ്സാലെ തങ്ങൾ എക്കാലവും പ. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ നിന്നിട്ടുള്ളവരാണ് എന്നും ഇനിയും അപ്രകാരം തുടരും എന്നർത്ഥമുള്ള ഒരു ഉടമ്പടി പ. ബാവായ്ക്ക് സമർപ്പിച്ചു.

പള്ളിവക പൊൻ വെള്ളി സാധനങ്ങൾ ഒന്ന് രണ്ട് ഇടവകാംഗങ്ങളുടെ കൈവശം അവരവരുടെ വീട്ടിലാണ് സൂക്ഷിച്ചിരുന്നത്. പള്ളിവക സാധനങ്ങൾ പള്ളിയിൽ തന്നെയാണ് സൂക്ഷിച്ചിരിക്കേണ്ടത്, അല്ലാത്ത പക്ഷം പല കാരണങ്ങൾ കൊണ്ട് പള്ളിവക സാധനങ്ങൾ നഷ്ടപെടാൻ ഇടയുണ്ട് എന്ന് പ.പത്രോസ് തൃതീയൻ ബാവാ കൽപിച്ചു.എന്നാൽ ഇത് ചിലർ വളച്ചൊടിച്ച് പാത്രിയർക്കീസ് ബാവാ പൊൻകുരിശ് കൊണ്ടുപോകാൻ ശ്രമിച്ചു എന്ന കഥയുണ്ടാക്കി പ. ബാവായെ അവഹേളിക്കുവാൻ ശ്രമിക്കുന്നു എന്നത് വളരെ ദുഃഖകരമാണ്. മലങ്കര സഭയിൽ സത്യവിശ്വാസം ചോദ്യം ചെയ്യപ്പെട്ടതായ അവസരത്തിൽ സഭാംഗങ്ങൾക്കായി പ്രാണ ഭീതി പോലും വകവയ്ക്കാതെ മലങ്കരയിലേക്ക് എഴുന്നെള്ളിയ പ. ബാവാ എന്ന് അദ്ദേഹത്തെ വിമർശിക്കുന്നവർ അറിഞ്ഞാൽ കൊള്ളാം.

കാലങ്ങൾ വീണ്ടും കടന്നുപോയി. പ. പത്രോസ് തൃതീയൻ ബാവായുടെ കാലശേഷം പ. അബ്ദുൾ മിശിഹാ പാത്രിയർക്കീസും തുടർന്ന് അബ്ദുള്ള പാത്രിയർക്കീസ് ബാവായും അധികാരമേററു. 1909 ൽ പ. ബാവാ പുതുപ്പള്ളി പള്ളിയിലെത്തി. പള്ളിയുടെ ശരിയായ ഭരണ നിർവഹണത്തിനായി ഒരുനടപടി ക്രമം പ. ബാവാ ഉണ്ടാക്കി. ഇടവക പ്രതിനിധികൾ ആയ 16 പേർ ഒപ്പിട്ട് ഇത് അംഗീകരിക്കുകയും ചെയ്തു. ഉടമ്പടിയിലെ പ്രസക്ത ഭാഗങ്ങൾ ഇനി ചേർക്കുന്നു.

1. 1052 ലെ 1-ാം നമ്പർ ഉടമ്പടിക്ക് മുമ്പും, അതിസുശേഷവും നാമും നമ്മുടെ പള്ളിയും യാക്കോബായ വിശ്വാസത്തിൽ അന്ത്യോഖ്യാ സിംഹാസനത്തിന്റെ മേലദ്ധ്യക്ഷതയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പതിവിൻ പ്രകാരം മേലിലും

നടക്കേണ്ടതാകുന്നു....... ലിസ്റ്റും പ്രകാരമുള്ള സ്ഥാവരജംഗമ വസ്തുക്കളുടെ ആദായങ്ങളും എടുത്തു കീഴ്നടപ്പുപോലെ പള്ളിവക നിത്യനിദാന ചെലവുകളും സ്കൂൾവക ചെലവുകളും. അറ്റകുറ്റ പണികളും നടത്തിച്ച് ആണ്ടവസാനത്തിൽ കണക്കു തീർത്ത്, തിരട്ടുകളും, ലിസ്റ്റും എഴുതി പള്ളിയിൽ പരസ്യം ചെയ്തു കൈക്കാരന്മാർ മുതലായ എല്ലാവരും ഒപ്പിട്ട് ഒരു പ്രതി പള്ളി റിക്കാർഡുകളിലും, ഒരു പ്രതി മാറിപ്പോകുന്ന കൈക്കാരന്മാരുടെ പക്കലും സൂക്ഷിക്കണം.

7. അതാതാണ്ടത്തെ നടത്തിപ്പുകാർ മുഖാന്തരം പള്ളിക്കു വല്ല നഷ്ടങ്ങൾക്കും ഇടയാക്കുന്നതായാൽ അതാതു നടത്തിപ്പുകാർ തന്നെ ഉത്തരവാദിത്തം ചെയ്യേണ്ടതും ശേഷം കൈക്കാരന്മാരെ ബന്ധിക്കുന്നതല്ലാത്തതും, നടത്തിപ്പുകാർ പള്ളിവക മുതൽ തനതാവശ്യത്തിലേക്കു യാതൊരു വിധത്തിലും എടുത്ത് ഉപയോഗിക്കാൻ പാടില്ലാത്തതും ആകുന്നു.

8. പള്ളിവക എല്ലാ കണക്കുകളും എഴുതുന്ന വകയ്ക്കായി മേലാൽ നമ്പരിട്ട പുസ്തകങ്ങളും കൈക്കാരന്മാരുടെ അഭിപ്രായങ്ങൾ റിക്കാർഡ് ചെയ്യുന്നതിലേക്ക് ആയി ഒരു മിനിറ്റുബുക്കും, കണക്ക് എഴുതുന്നതിലേക്കായി 7 വരെ രൂപ ശമ്പളത്തിൽ, വിശ്വാസത്തിൽ ഒരു കണക്കനും ഉണ്ടായിരിക്കേണ്ടതാണ്.

10. ...... തന്നാണ്ടു കൈക്കാരന്മാർ ഏറ്റുവാങ്ങുന്ന ഈ സംഖ്യകളും, പള്ളിവകയായി ഗവൺമെന്റ് ബാങ്കിൽ അടച്ചുകൊള്ളേണ്ടതും ഈ പണവും, സ്ഥാവരവസ്തു വാങ്ങിക്കുന്നതിന് ഉപയോഗിക്കേണ്ടതും ആകുന്നു.

15. ഈ വകുപ്പിൽ പള്ളിയുടെ പൊൻകുരിശ്,വെള്ളിക്കുരിശ് തുടങ്ങിയ പള്ളി ഉപകരണങ്ങളുടെ സൂക്ഷിപ്പിനെപ്പറ്റി പറഞ്ഞിരിക്കുന്നു.

20. ഈ ഉടമ്പടി അതാതാണ്ടു കൈക്കാരൻമാരുടെ അധീനതയിൽ പള്ളി റിക്കാർഡിൽ ഇരിക്കേണ്ടതാകുന്നു.

ഇപ്രകാരം പള്ളിക്കു ശരിയായ ഭരണസംവിധാനമുണ്ടാക്കിയ പ. ബാവ രണ്ടു മാസങ്ങൾക്കുശേഷം പള്ളിയിൽനിന്നു തിരിച്ചെഴുന്നള്ളി. 1911ൽ മലങ്കര മെത്രാൻ വട്ടശേരിൽ മെത്രാപ്പോലീത്തായുടെ ധിക്കാരപരമായ പ്രവൃത്തികൾമൂലം പ. ബാവ മലങ്കര മെത്രാപ്പോലീത്തായെ മുടക്കി. പകരം കൊച്ചുപറമ്പിൽ മോർ കൂറിലോസ് തിരുമേനിയെ നിയമിച്ചു. ഇതേ തുടർന്നു മലങ്കരയിൽ ഇരുകക്ഷികൾ ഉടലെടുത്തു കേസുകൾ ആരംഭിച്ചു. പുതുപ്പള്ളിയിലും കേസുകളുടെ അലകൾ ആഞ്ഞടിച്ചു. പള്ളി റസീവർ ഭരണത്തിലായി. പാത്രിയർക്കീസ്



കക്ഷികൾക്കു പള്ളിയിൽ തുടർന്ന് ഉണ്ടായ വിഷമങ്ങൾ വളരെയേറെയാണ്. ആ കാലഘട്ടത്തിലെ വികാരോജ്ജ്വലമായ സംഭവങ്ങളും പള്ളിയുടെ ഇന്നത്തെ അവസ്ഥയും മറ്റുള്ള ലേഖകർ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിനാൽ അതിലേക്കു കടക്കുന്നില്ല.

ലക്ഷക്കണക്കിനു രൂപയുടെ സ്വത്തുക്കളും ഒന്നര കോടിയോളം രൂപ ബാങ്കുബാലൻസും പള്ളിക്കിന്നുണ്ട്. 400 പവൻ സ്വർണ്ണംകൊണ്ട് ഉണ്ടാക്കിയ പുതുപ്പള്ളി പള്ളിയിലെ പൊൻകുരിശു പ്രശസ്തമാണ്. പ്രധാന പെരുനാളിനു മാത്രമെ പൊൻകുരിശു പുറത്തെടുക്കൂ. ഈ പള്ളിയിൽനിന്നു പിരിഞ്ഞുപോയവർ സ്ഥാപിച്ച പള്ളികളാണു വെള്ളക്കട്ടെ, കൊല്ലാട്, വാകത്താനം, നാലുന്നാക്കൽ, അഞ്ചേരി, തോട്ടയ്ക്കാട്, തൃക്കോതമംഗലം, മീനടം തുടങ്ങിയ കരകളിലെ ഇരുപത്തഞ്ചോളം സിറിയൻ ഓർത്തഡോക്സ്, ഓർത്തഡോക്സ് സിറിയൻ പള്ളികൾ. മറ്റു സഭകളിൽ ചേർന്നവർ സ്ഥാപിച്ച പള്ളികൾ വേറെയുമുണ്ട്.

ഈ ഇടവകയിൽനിന്ന് ഇതുവരെ മൂന്നു മെത്രാപ്പോലീത്താമാർ ഉണ്ടായിട്ടുണ്ട്. ഇവരിൽ മാത്യൂസ് മോർ ഈവാനിയോസും യൂഹാനോൻ മോർ സേവേറിയോസും കാതോലിക്കാ കക്ഷിയിലായിരുന്നു. രണ്ടുപേരും കാലം ചെയ്യുകയും ചെയ്തു. 1974 ഫെബ്രുവരി 24-ാം തീയതി ഈ പള്ളി ഇടവകാംഗവും, പെരുമ്പിള്ളി പള്ളി വികാരിയുമായ പി. എം. ഗീവറുഗീസ് കത്തനാരെ പ. യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് ബാവ ഡമാസ്കസിൽവച്ചു മോർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമത്തിൽ വാഴിച്ചയച്ചു. യാക്കോബായ സഭയിലെ സീനിയർ മെത്രാപ്പോലീത്തായും, ശ്രേഷ്ഠ കാതോലിക്കാ ബാവയെ ഭരണത്തിൽ സഹായിക്കാൻ നിയമിച്ചാക്കിയിരിക്കുന്ന മെത്രാപ്പോലീത്തൻ കമ്മിറ്റി പ്രസിഡണ്ടും, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ തിരുമേനി അനുഗൃഹീത കവിയും, സുപ്രസിദ്ധ വാഗ്മിയുമാണ്. 6 പുസ്തകങ്ങൾ രചിച്ചിട്ടുള്ള തിരുമേനിക്ക് അമേരിക്കയിലെ ലോഗോസ് യൂണിവേഴ്സിറ്റി ഡോക്ട്രേറ്റ് നൽകി ബഹുമാനിച്ചിട്ടുണ്ട്.

പുതുപ്പള്ളി പള്ളിയിൽ എല്ലാ വർഷവും, നടത്തിവരുന്ന മോർ ഗീവറുഗീസ് സഹദായുടെ പെരുന്നാൾ വളരെ പ്രശസ്തമാണ്. മെയ് 6, 7 (മേടം 23, 24) എന്നീ തീയതികളിൽ നടക്കുന്നതായ പെരുന്നാളിനു 10 ദിവസം മുമ്പു പുതുപ്പള്ളി, എറികാട് എന്നീ രണ്ടു കരകളിൽനിന്ന് ആഘോഷപൂർവം

കൊണ്ടുവരുന്ന രണ്ടു കൊടിമരങ്ങൾ ഉയർത്തും. ഒരു പെരുന്നാളിനു രണ്ടു കൊടിമരങ്ങൾ ഉയർത്തുന്ന മലങ്കരയിലെ ഏകപള്ളി പുതുപ്പള്ളി പള്ളിയാണ്. മെയ് 6–ാം തീയതി ഉച്ചകഴിഞ്ഞു പുതുപ്പള്ളി, എറികാട് കരക്കാർ ചേർന്നു വെച്ചൂട്ടിനുള്ള അരിയും മററും തയ്യാറാക്കാൻ വിറകിടീൽ ചടങ്ങു നടത്തും. 7–ാം തീയതിയിലെ കുർബാനയ്ക്കുശേഷം പള്ളിയിൽ പാകം ചെയ്തുണ്ടാക്കിയ ചോറും കറികളും ഭക്തജനങ്ങൾക്കു നൽകും. ഇതാണു പ്രശസ്തമായ വെച്ചൂട്ട്. പള്ളിയിൽ പ്രധാന നേർച്ച അപ്പവും കോഴിയുമാണ്. കോഴിയെ പാകം ചെയ്ത് അപ്പവും, കോഴിയിറച്ചിയും, ഏകദേശം 16 വർഷം മുൻപുവരെ നൽകിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ കോഴിയെ ലേലം ചെയ്തു വില്ക്കുകയാണു പതിവ്. പള്ളിയിലെ ചെറിയപെരുന്നാൾ, ബഹനാൻ സഹദായുടെ പെരുനാളായി ഡിസംബർ 24 (ധനു 10) ന് നടത്തിവരുന്നു. അന്നത്തെ നേർച്ച പാച്ചോറാണ്.

പുതുപ്പള്ളി പള്ളി എക്കാലവും പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ഭക്തിബഹുമാനം പ്രകടിപ്പിച്ചാണു നിലനിന്നിട്ടുള്ളത്. എപ്പോൾ അതിനു കോട്ടം തട്ടിയോ അക്കാലത്തൊക്കെ പള്ളിയിൽ പ്രശ്നങ്ങൾ ഉണ്ടായിട്ടുമുണ്ട്. പ. സിംഹാസനത്തോടുള്ള വിധേയത്വം വിളിച്ചറിയിക്കുന്ന പല ചരിത്രരേഖകളിൽ ഒന്ന് അനുബന്ധമായി കൊടുത്തിട്ടുണ്ട്. പുതുപ്പള്ളിപള്ളി എക്കാലവും വിശ്വാസികൾക്ക് അഭയമായി നിലകൊള്ളട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Part B

## 1 കടിയൻതുരുത്തിൽ അച്ചൻ

പുതുപ്പള്ളിയിലെ പുരാതന ക്രൈസ്തവ കുടുംബങ്ങളിൽ ഒന്നാണ് കാക്കോളിൽ കുടുംബം. കാക്കോളിൽ കുടുംബത്തിലെ പ്രഥമ വൈദികനായിരുന്ന കാക്കോളിൽ കുര്യൻകത്തനാർ. ദീർഘകാലം പുതുപ്പള്ളിപ്പള്ളി വികാരി ആയിരുന്ന കുര്യൻകത്തനാർ യാക്കോബായ സഭാവിശ്വാസം പുതുപ്പള്ളിപള്ളിയിൽ നിലനിർത്താൻ വളരെയധികം ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. കുര്യൻകത്തനാരുടെ കാലശേഷം അതേകുടുംബത്തിൽനിന്നുതന്നെ യാക്കോബായ സഭാവിശ്വാസം പുതുപ്പള്ളിയിൽ നിലനിർത്തുവാൻ പോരാടികൊണ്ടിരിക്കുന്ന വിശ്വാസ സംരക്ഷകനാണ് കടിയന്തുരുത്തിൽ ജീസസ് അച്ചൻ.



കടിയന്തുരുത്തിൽ കുറിയാക്കോസിന്റെയും, കുഞ്ഞന്നാമ്മയുടെയും മൂന്നാമത്തെ പുത്രനായി 1915 ഓഗസ്ററ് 11–ാംതീയതി അച്ചൻ ജനിച്ചു. ബാല്യത്തിൽ ഏശാവ് എന്ന പേരാണ് മാതാപിതാക്കൾ അദ്ദേഹത്തിന് നല്കിയത്.

സ്കൂൾ പഠനത്തിനായി ഇരവിനല്ലൂർ ഗവ. എൽ. പി സ്കൂളിൽ ഏശാവിനെ ചേർത്തു. അതിനുശേഷം പുതുപ്പള്ളി പള്ളി സ്കൂളിലെയും (M· D.) പുതുപ്പള്ളിപള്ളി മലയാളം സ്കൂളിലെയും പഠനത്തിനുശേഷം കോട്ടയം സി. എം. എസ് ഹൈസ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും പൂർത്തിയാക്കി. ബാല്യത്തിലും വിദ്യാഭ്യാസകാലഘട്ടത്തിലും ഏശാവ് കൂട്ടുകാർക്ക് ഒരു ഹീറോ ആയിരുന്നു. സ്കൂൾ വിദ്യാഭ്യാസം നടത്തുമ്പോൾ കാലം ചെയ്ത യാക്കോബ് മോർ തീമോത്തിയോസ് (പറയകുളം) ദിവംഗതനായ ജീസസ് കോർ എപ്പിസ്കോപ്പായും (ചിറപ്പുറം) ആയിരുന്നു ഏററവും അടുത്ത കൂട്ടുകാർ.

## പൗരോഹിത്യ പദവിയിലേക്ക്

പുതുപ്പള്ളി വലിയപള്ളിയിൽ പാത്രിയർക്കീസ് മെത്രാൻ കക്ഷികൾ ഉണ്ടായിരുന്നതിനാൽ പള്ളിയും സ്വത്തുക്കളും, റിസീവർ ഭരണത്തിലായിരുന്നു. എങ്കിലും ഒരുവിഭാഗം ആൾക്കാരുടെ നിയന്ത്രണത്തിലായിരുന്നു പള്ളിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്നത്. പാത്രിയർക്കീസ് കക്ഷിയിൽ നിന്നിരുന്നവരുടെ ആത്മീയ ആവശ്യങ്ങൾ നടത്തിക്കിട്ടുന്നതിനുവേണ്ടി ഇടവകയോഗം ചേർന്ന് കടിയന്തുരുത്തിൽ ഏശാവിനെ തങ്ങൾക്ക് ഇടവകപട്ടക്കാരനായി നിയമിക്കണമെന്നു കോട്ടയത്തിന്റെയും തെക്കൻ ഭദ്രാസനങ്ങളുടെയും, മെത്രാപ്പോലീത്താ ആയിരുന്ന മിഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനിയോട് അപേക്ഷിച്ചു. കടിയന്തുരുത്തിൽ ഏശാവിന് പട്ടം നൽകരുതെന്നു പല ആളുകൾ വശം മറുപക്ഷക്കാർ തിരുമേനിയോടു ആവശ്യപ്പെട്ടു എങ്കിലും മോർ ദീവന്നാസിയോസ് തിരുമേനി ചെവിക്കൊണ്ടില്ല.

മിഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി 1934 നവംബർ 28 (1109 വൃശ്ചികം 12) ാം തീയതി തൃക്കോതമംഗലം മോർ ശർബ്ബീൽ ദയറാപള്ളിയിൽവച്ച് ഏശാവിനു മ്സമ്രോനോ പട്ടം നൽകിയതോടൊപ്പം ഏശാവിനു പകരം യേശു (ജീസസ്) എന്ന പേരും ശെമ്മാശന് കൽപിച്ചു നൽകി. ശെമ്മാശൻ പുതുപ്പള്ളിപള്ളിയിൽ ആരാധനയിൽ സംബന്ധിക്കാൻ ചെല്ലുന്നതിൽ അമർഷംപൂണ്ട മറുഭാഗം, ശെമ്മാശൻ പള്ളിയിൽ പ്രവേശിക്കരുതെന്ന് കോടതിയിൽനിന്ന് നിരോധന ഉത്തരവുവാങ്ങി. വൈദിക പഠനത്തിനുവേണ്ടി യേശുശെമ്മാശൻ മഞ്ഞനിക്കര

ദയറായിലെത്തി. വന്ദ്യ ദിവ്യശ്രീ അബ്ദുൽ ആഹാഹ് റമ്പാച്ച ന്റെ (പിന്നീട് പ. യാക്കോബ് III ൻ പാത്രിയർക്കീസ് ബാവാ യുടെ കീഴിൽ സുറിയാനിയും, സഭാനിയമങ്ങളും, പഠിക്കുവാൻ ആരംഭിച്ചു. മഞ്ഞനിക്കരയിൽ രണ്ടുവർഷങ്ങൾ പഠിച്ചതിനുശേഷം അടൂർ മോർ ഇഗ്നാത്തിയോസ് പള്ളിയിൽ താമസിച്ചിരുന്ന ഫാ. വി. സി. ശമുവേലച്ചന്റെ കീഴിൽ ഒരു വർഷവും, കണ്ടനാട് ഭദ്രാസനാധിപനായിരുന്ന ഔഗേൻ മോർ തീമോത്തിയോസ് തിരുമേനിയോടൊപ്പം (പിന്നീട് ശ്രേഷ്ഠ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ) 6 മാസവും ആയി 3½ വർഷം വൈദികപഠനം നിർവഹിച്ചു. വൈദികപഠനം നടത്തിവന്ന കാലഘട്ടത്തിലും, പിന്നീട് ഭദ്രാസന മെത്രാപ്പോലീത്താ തിരുമേനിയോടൊപ്പം മലങ്കരയിലെ പ്രശസ്ത ദൈവാലയങ്ങളിൽ സന്ദർശിക്കുന്നതിനും മററ് മെത്രാപ്പോലീത്താമാരെയും സഭാനേതാക്കന്മാരെയും പരിചയപ്പെടാനും ശെമ്മാശന് അവസരം ലഭിച്ചു.

1944 നവംബർ 27-ാം തീയതി ശനിയാഴ്ച അടൂർ മോർ ഇഗ്നാത്തിയോസ് പള്ളിയിൽവച്ച് മിഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി യേശുശെമ്മാശനെ കശീശയായി അഭിഷേകം ചെയ്തു. തിരുമേനിയുടെ കൽപനയുമായി യേശു അച്ചൻ ശനിയാഴ്ച തന്നെ വീട്ടിലെത്തി. പിറേറന്ന് (നവംബർ 28 ഞായർ) അച്ചൻ വലിയപള്ളിയിൽ പ്രവേശിച്ച് പ്രഥമ ബലി അർപ്പിച്ചു. അന്ന് പള്ളിയിൽ നടന്ന സംഭവങ്ങൾ മറെറാരുഭാഗത്ത് വരുന്നതിനാൽ ഇവിടെ വിവരിക്കുന്നില്ല. തുടർന്നു കേസായി. കോടതി അനുവാദത്തോടെ അച്ചന് പള്ളിയിൽ പ്രവേശിക്കാം എന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചു.

കോട്ടയം ഭദ്രാസനത്തിലെ വിവിധ പള്ളികളിലേക്ക് ഭദ്രാസനമെത്രാപ്പോലീത്താ അച്ചനെ നിയമിച്ചു. വെള്ളൂർ സെൻറ് സൈമൺസ്, കരിങ്കുളം സെൻറ് ജോർജ്, എറികാട് സെൻറ് മേരീസ് എന്നീ ദൈവാലയങ്ങളിലാണ് അച്ചൻ കൂടുതൽകാലം സേവനമനുഷ്ഠിച്ചത്.

## പുതുപ്പള്ളി ചെറിയപള്ളി

1956 ഡിസംബർ 31-ാം തീയതി സമുദായകേസിൽ കേരളാ ഹൈക്കോടതിയിൽനിന്ന് പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലമായി വിധി പ്രസ്താവിച്ചു. പുതുപ്പള്ളിപള്ളിയുടെ മററത്ത് സ്ഥിതിചെയ്യുന്ന കൊച്ചുപള്ളി പാത്രിയർക്കീസ്കക്ഷിക്ക് അനുവദിച്ച തരണമെന്ന് കാണിച്ച് കൊടുത്തിരുന്ന കേസിൽ



1957 ജനുവരി 29-ാം തീയതി കേരളാ ഹൈക്കോടതി പാത്രിയർക്കീസ് കക്ഷിക്ക് അനുകൂലമായി, കൊച്ചുപള്ളി അനുവദിച്ചുകൊണ്ടു, വിധി പ്രസ്താവിച്ചു. 1957 ജനുവരി 31-ാം തീയതി ഞായറാഴ്ച കടിയന്തുരുത്തിൽ യേശു അച്ചൻ കൊച്ചു പള്ളിയിൽ വി. കുർബാന ചൊല്ലി. അതു കണ്ട സ്വർഗീയരും, ഭൗമിക പിതാക്കന്മാരും സന്തോഷിച്ചു. തുടർന്നു രണ്ടു ഞായറാഴ്ച കൊച്ചുപള്ളിയിലും, രണ്ടു ഞായറാഴ്ച കരിങ്കുളത്തു പള്ളിയിലുമായി അച്ചൻ ശുശ്രൂഷകൾ നടത്തിവന്നു.

## വലിയ പള്ളിയിലേക്ക്

1958 ഡിസംബർ 16-ാം തീയതി നടന്ന പരസ്പര സ്വീകരണത്തോടെ വിഘടിച്ചുനിന്ന മലങ്കരസഭ ഒന്നായി തീർന്നു. മലങ്കര സഭ ഒന്നായ സാഹചര്യത്തിൽ പുതുപ്പള്ളി പള്ളിയിലും, ഇരുപള്ളികളും ഒന്നായി ചേരണം എന്നു പലരും സഭാനേതൃത്വത്തോട് ആവശ്യപ്പെട്ടു എങ്കിലും നേതൃത്വം അവ ചെവിക്കൊണ്ടില്ല എന്നു മാത്രമല്ല അച്ചനെയും ഇടവക ജനങ്ങളെയും പീഡിപ്പിക്കുവാനുമാരംഭിച്ചു. പുതുപ്പള്ളി പള്ളിയിലെ മെത്രാൻ കക്ഷിയിലെ കുറച്ചുപേർ ചേർന്ന 'ലീഗ്' എന്ന ഒരു സംഘടന രൂപികരിക്കുകയും പുതുപ്പള്ളി പള്ളിക്കു മാത്രം ഒരു പ്രത്യേക ഭരണഘടന ഉണ്ടാക്കി തരണം എന്ന് ആവശ്യപ്പെട്ടു ഒരു കേസു കൊടുത്തിരുന്നു. പില്ക്കാലത്തു ലീഗുകാർ കേസിൽനിന്നു പിൻവലിഞ്ഞതിനെ തുടർന്നു് അച്ചനും മററും പ്രസ്തുത കേസിൽ കക്ഷി ചേർന്നു കേസു നടത്തി. കോട്ടയം ജില്ലാ കോടതിയിൽ അന്യായക്കാർക്ക് അനുകൂലമായി വിധിയുണ്ടായി. അതിന്മേൽ എതിർകക്ഷികൾ കൊടുത്ത അപ്പീലിൽ 299/60 നമ്പർ കേസിൽ, 1964 ഏപ്രിൽ 3-ാം തീയതി കേരളാ ഹൈക്കോടതി അപ്പീൽ തള്ളിക്കൊണ്ടു കേസ് വിധിച്ചു. കാതോലിക്കോസ് പക്ഷം 1934-ൽ ഉണ്ടാക്കിയ ഭരണഘടന, പുതുപ്പള്ളി പള്ളിക്കു ബാധകമല്ല എന്നായിരുന്നു വിധിസാരം.

1964 മെയ്മാസം 22-ാം തീയതി കോട്ടയത്തുവച്ചു പ. യാക്കോബ് III ബാവ ഔഗേൻ മോർ തീമോത്തിയോസ് തിരുമേനിയെ പൗരസ്ത്യ കാതോലിക്കാ ആയി വാഴിച്ചതോടെ, സഭയിൽ പൂർണ സമാധാനം കൈവന്നു. പുതുപ്പള്ളി പള്ളിയിലെ പ്രശ്നങ്ങളും ഉടൻ തീർക്കണം എന്നു സഭാ നേതൃത്വം തീരുമാനിച്ചു. പുതുപ്പള്ളി പള്ളിയിൽ നിലനിന്നിരുന്ന കേസിലെ വാദിപ്രതികളും, സഭാ നേതൃത്വവും ചേർന്ന് ഒരു രാജിവ്യവസ്ഥ ഉണ്ടാക്കി. വ്യവസ്ഥയിൽ പറയുംപ്രകാരം അച്ചനെ പുതുപ്പള്ളി വലിയപള്ളിയിലെ ഇടവക പട്ടക്കാരനായി അംഗീകരിച്ചു പ്രവേശിപ്പിച്ചു.

ഇപ്രകാരം 1967 മുതൽ ഇന്നുവരെ അച്ചൻ ഇടവക പട്ടക്കാര
നായി പുതുപ്പള്ളി പള്ളിയിൽ സേവനമനുഷ്ഠിച്ചുവരുന്നു.
1969 മുതൽ ഭദ്രാസന നേതൃത്വത്തിൽനിന്നും, 1971 മുതൽ കാ
തോലിക്കാ കക്ഷിയിൽനിന്നും, അച്ചനെ ദ്രോഹിക്കുവാൻ
വേണ്ട നടപടികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവയൊക്കെ
അതിജീവിക്കാൻ വേണ്ട കരുത്തു ദൈവം അച്ചനു നൽകിക്കൊ
ണ്ടുമിരിക്കുന്നു. എതിർകക്ഷികളിൽ 2 പേർ ചേർന്ന് അച്ച
നെ നിരോധിക്കുന്നതിനു കോട്ടയം സബ്കോടതിയിൽ
കേസ് ഫയൽ ചെയ്യുകയും, അതിലെ നിരോധന അപേക്ഷ
തള്ളുകയും, അതിൻമേൽ കോട്ടയം ജില്ലാ കോടതിയിൽ അപ്പീൽ
സമർപ്പിക്കുകയും, ഇരുഭാഗത്തേയും വിശദമായ വാദം കേട്ടതി
നുശേഷം അച്ചനു പുതുപ്പള്ളി പള്ളിയിൽ ഉള്ള അവകാശ
ങ്ങൾ ശരിവച്ചുകൊണ്ടു 1993 സെപ്തംബർ 22-ാം തീയതി
108/90 നമ്പർ കേസിൽ വിധിയുണ്ടായി.

## വിശുദ്ധ നാടുസന്ദർശനം

1990 ജൂൺ 24-ാം തീയതി അച്ചനും സഹധർമ്മിണിയും,
മൂത്ത മകന്റെ കുടുംബവും ഒന്നിച്ച് നമ്മുടെ കർത്താവിന്റെ
ജന്മസ്ഥലമായ ബേത്ലഹേം, കർത്താവു മുട്ടുകുത്തി പ്രാർത്ഥിച്ച
ഗത്സമന, ദൈവമാതാവിന്റെ കബറിടം ഇവ സ്ഥിതിചെയ്യു
ന്ന വിശുദ്ധ നഗരമായ യരുശലേം, സൈപ്രസ് എന്നിവിടങ്ങ
ളിലും, അബുദാബി, ബഹറിൻ, ഖത്തർ തുടങ്ങിയ ഗൾഫ് രാജ്യ
ങ്ങളിലും രണ്ടാഴ്ച നീണ്ടുനിന്ന ഒരു പര്യടനം നടത്തുകയുണ്ടായി.
ജൂലൈ 7 ന് അച്ചൻ മടങ്ങി എത്തി.

## സഭാ പ്രവർത്തനങ്ങൾ

1958 ലെ സുപ്രീം കോടതി വിധി മലങ്കര സഭയുടെ സ്വത്തു
ക്കൾ ആരു ഭരിക്കണം എന്നതായിരുന്നുവല്ലോ. സഭയുടെ പൊതു
സ്വത്തുക്കളുടെ ഭരണം മറുഭാഗം കൈയടക്കി വച്ചിരുന്നതിനാൽ
കോടതി വിധിമൂലം പ്രത്യേകിച്ച് പ്രതിബന്ധങ്ങൾ ഒന്നും
തന്നെയില്ലായിരുന്നു. സഭയിൽ സമാധാനമുണ്ടാകണമെന്നുള്ള
പ. പാത്രിയർക്കീസ് ബാവയുടെ ആഗ്രഹമായിരുന്നു പരസ്പര
സ്വീകരണത്തിനു കളമൊരുക്കിയത്. വൈകാരിക ഐക്യം
സഭാ മക്കളുടെയിടയിൽ ഇല്ലാത്തതിനാൽ പ്രസ്തുത ഐക്യം
വ്യർത്ഥമായി തീരാനിടയുണ്ട് എന്ന് അച്ചന് അറിയാമായി
രുന്നു. പരസ്പര സ്വീകരണം കഴിഞ്ഞ് ഒരു മാസത്തിനകം
പ്രശ്നങ്ങൾ തലപൊക്കി തുടങ്ങി. വായിത്തറ പുന്നൂസ്
അച്ചൻ, കല്ലുങ്കത്തറ തോമസ് അച്ചൻ, തുരുത്തേൽ യാക്കോബ്
അച്ചൻ എന്നിവരും അച്ചനുംകൂടി ചെറുകര പാപ്പി എന്ന



മാന്യദേഹത്തിന്റെ വീട്ടിൽ ഒരു യോഗം ചേർന്നു സ്ഥിതിഗതി
കൾ വിലയിരുത്തി. പില്ക്കാലത്ത് അന്ത്യോഖ്യൻ സിറിയൻ
മൂവ്മെന്റ് ആരംഭിക്കുന്നതിനു സംഗതിയായി തീർന്നത്
പ്രസ്തുത യോഗമാണ്. പൗലോസ് മോർ പീലക്സിനോസ്
(ഇന്നത്തെ ശ്രേഷ്ഠ ബാവ) തിരുമേനിയുടെ നേതൃത്വത്തിൽ
മൂവ്മെന്റ് ശക്തിപ്പെട്ടു. ഇതുമൂലം 1964-ൽ പ. പാത്രിയർ
ക്കീസ് ബാവ മലങ്കരയിലേക്കെഴുന്നള്ളി കാതോലിക്കാ വാഴ്ച
നടത്തിയതോടുകൂടി മൂവ്മെന്റിന്റെ ഉദ്ദേശം ഫലപ്രാപ്തി
യിലെത്തി. 1972 മുതൽ ദേവലോകം നേതൃത്വം പ. പാത്രി
യർക്കീസ് ബാവയ്ക്കെതിരായി തിരിഞ്ഞു. പ. പാത്രിയർക്കീ
സ് ബാവയുടെ കീഴിൽ അടിയുറച്ചു നിന്നുകൊണ്ടു പുതുപ്പള്ളി
പള്ളിയിലെയും, കോട്ടയം ഭദ്രാസനത്തിലെയും സത്യവിശ്വാ
സികൾക്ക് അച്ചൻ സുധീര നേതൃത്വം ഇക്കാലയളവിൽ
നൽകി. 1992 മുതൽ യാക്കോബായ സുറിയാനി സഭയിലെ
കോട്ടയം ഭദ്രാസന കൗൺസിലംഗമായി അച്ചൻ പ്രവർത്തിച്ചു
വരുന്നു.

## കുടുംബജീവിതം

അച്ചന്റെ പിന്നിൽ അണിനിരന്നുകൊണ്ട് എല്ലായ്പ്പോഴും
വേണ്ട മനോധൈര്യം നൽകിയത് അച്ചന്റെ സഹോദരന്മാരാ
ണ്. അവറാൻകുട്ടി, ഉണ്ണി, അച്ചൻകുഞ്ഞ്, ജോർജ്, പാപ്പ
ച്ചൻ എന്നിങ്ങനെ 5 സഹോദരന്മാരും, പെണ്ണമ്മ എന്ന സഹോ
ദരിയുമുണ്ട്.

യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന
ഏവരും, ഭാഗ്യവാൻ എന്നു തുടങ്ങുന്ന സങ്കീർത്തനം അച്ചന്റെ
ജീവിതത്തിൽ പരിപൂർണമായി നിറവേറി എന്നതു ദൈവത്തി
ന്റെ അളവററ കരുണയല്ലാതെ മറെറാന്നുമല്ല. 1119 ചിങ്ങം
19-ാം തീയതി തൃക്കോതമംഗലം സെന്റ് ജെയിംസ് പള്ളി
യിൽവച്ച്, അടൂർ വാര്യവീട്ടിൽ ഗീവറുഗീസിന്റെ പുത്രി
ചിന്നമ്മയെ അച്ചൻ വിവാഹം ചെയ്തു. മിഖായേൽ മോർ
ദീവന്നാസിയോസ് തിരുമേനിയാണു വിവാഹശുശ്രൂഷയിൽ
കാർമികത്വം വഹിച്ചത്. അച്ചന്റെ കൂടെ ഏകമനസ്സായി
നിന്നുകൊണ്ട്, അച്ചനെ പരിചരിക്കുന്നതിൽ സദാ വ്യാപൃതയായ
ഒരു ഉത്തമ ഭാര്യയാണ് കൊച്ചമ്മ. അച്ചനു മൂന്ന് ആൺമക്കളും
രണ്ടു പെൺമക്കളുമുണ്ട്. മൂത്ത മകൻ ഡോ. ബാബു തിരുവ
ല്ലയിൽ പ്രശസ്തമായ ഒരു സ്വകാര്യ ആശുപത്രി നടത്തുന്നു.
തിരുവല്ല ഇലഞ്ഞിവീട്ടിൽ കണ്ടത്തിൽ മാത്തുള്ളയുടെ മകൾ
ബീജിയാണു ഭാര്യ. ഇവർക്കു രണ്ടു ആൺമക്കളുണ്ട് രണ്ടുപേരും
യഥാക്രമം മെഡിസിനും, ഹൈസ്കൂളിലും പഠിക്കുന്നു.

രണ്ടാമത്തെ മകൻ രാജുബിസിനസ് നടത്തുന്നു. കുന്നംകുളത്ത് മുക്കങ്കൽ സൂസിയാണു ഭാര്യ. ഇവർക്കു രണ്ട് ആൺമക്കളും ഒരു മകളുമുണ്ട്. ഇളയകുട്ടി ഒഴിച്ച് മററു രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്. അച്ചൻെറ ഇളയമകൻ ബിജി ബിസിനസ് നടത്തുന്നു. കോഴിക്കോട്ട് പുലക്കാവിൽ സുശീലയാണു ഭാര്യ. ഇവർക്ക് ഒരു മകനും മകളും ഉണ്ട്. മകൻ നേഴ്സറിയിൽ പഠിക്കുന്നു. മൂത്ത മകളെ പള്ളത്ത് ഒററത്തൈക്കൽ ജേക്കബ് വിവാഹം ചെയ്തിരിക്കുന്നു. ഇളയ മകളെ പള്ളത്തു പുതിയവീട്ടിൽ ജോൺ മത്തായി വിവാഹം ചെയ്തു. ഇവർ ദോഹയിൽ ഉദ്യോഗസ്ഥരാണ്.

## ഉപസംഹാരം

അച്ചൻെറ സഭാജീവിതം സംഭവബഹുലമാണ്. കേസുകളും, പ്രശ്നങ്ങളും, ഇല്ലാത്ത ദിവസങ്ങൾ അദ്ദേഹത്തിനില്ല എന്നുതന്നെ പറയാം. എന്തു പ്രശ്നങ്ങൾ വന്നാലും, വി. ഗീവറുഗീസ് സഹദായോടും, മലങ്കരയുടെ കാലം ചെയ്ത മോർ അത്താനാസിയോസ് തിരുമേനിയോടും (ആലുവായിലെ വലിയതിരുമേനി) പൗരോഹിത്യ പദവി നൽകി അനുഗ്രഹിച്ച മിഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനിയോടുമുള്ള പ്രാർത്ഥന വഴിയായി അച്ചനു ദൈവകൃപ ലഭിച്ചുകൊണ്ടിരിക്കുന്നു. ലേഖകൻെറ 15-ാം വയസ്സിൽ പുതുപ്പള്ളി പള്ളിയുടെ വി. മദ്ബഹായിലേക്കു ശുശ്രൂഷകരിൽ ഒരുവനായി എന്നെ പിടിച്ചുകയററി. അന്നുമുതൽ അച്ചനോടൊപ്പം പരിശുദ്ധ ശുശ്രൂഷകളിൽ പങ്കെടുക്കാൻ എനിക്ക് അവസരം കിട്ടി. അച്ചൻെറ അനുതാപത്തോടെയുള്ള കർബാന മദ്ധ്യേ പലപ്പോഴും, കരഞ്ഞുകൊണ്ടു ചില ഭാഗങ്ങൾ ചൊല്ലുന്നതു ഞാൻ കണ്ടിട്ടുണ്ട്. അച്ചൻെറ കറയില്ലാത്തതും, അചഞ്ചലവുമായ പ. അന്ത്യോഖ്യാ സിംഹാസനഭക്തി, ബഹുമാനങ്ങൾ കുറവില്ലാത്തതാണ്. 1961ൽ പ. യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് ബാവ, മോർ ഫീലക്സിനോസ് തിരുമേനിവശം മനോഹരമായ ഒരു കാപ്പ അച്ചന് അനുഗ്രഹിച്ചു നൽകുകയുണ്ടായി. ഇപ്പോഴും, എല്ലാ പ്രധാന ദിവസങ്ങളിലും, ആ കാപ്പ തന്നെ ധരിച്ചാണു ദിവ്യ ശുശ്രൂഷകൾ നടത്തിവരുന്നത്.

പ. സിംഹാസനത്തോടുള്ള വിധേയത്വത്തിൽ സത്യവിശ്വാസം പുതുപ്പള്ളിപള്ളിയിൽ സംരക്ഷിച്ച്, ഇടവകയിലെ ആത്മീയമക്കളെ അതിൽ നിലനിർത്തുകയും ചെയ്ത, നല്ല പോർ പൊരുതി, വിശ്വാസം കാത്ത അച്ചനു 80ാം പിറന്നാളിൻെറയും, പൗരോഹിത്യ സുവർണ ജൂബിലിയുടെയും,ആശംസകൾ നേരുകയും,



അതോടൊപ്പം, ശാന്തവും, സമാധാനവും, സന്തോഷപൂർണവുമായ ശിഷ്ടായുസ്സും സർവശക്തനായ ദൈവം നൽകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## അനുബന്ധം

1

കടിയന്തുരുത്തിൽ യേശു ശെമ്മാശൻ വൈദികപട്ടം ഏററപ്പോൾ അഭിവന്ദ്യ മിഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനി നൽകിയ കൽപ്പന.

# ദൈവകൃപയാൽ

കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസന ഇടവകകളുടെ മിഖായേൽ മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും (മുദ്ര) നമ്മുടെ പുതുപ്പള്ളി വലിയപള്ളി ഇടവകക്കാരായ ഏവരുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്

പ്രിയരെ,

നിങ്ങളുടെ അപേക്ഷപ്രകാരം ആ പള്ളി ഇടവകയിൽ കടിയന്തുരുത്തിൽ കുര്യാക്കോസിൻെറ മകൻ യേശു ശെമ്മാച്ചനെ ആ പള്ളിക്കു കശീശാ ആയി നാം പട്ടം കൊടുത്തു വികാരിയായി നിയമിച്ച് അയയ്ക്കുന്നു. നിങ്ങൾ ക്രിസ്തീയ സന്തോഷത്തോടും ഭക്തി ബഹുമാനങ്ങളോടും അയാളെ സ്വീകരിക്കുകയും, അയാളുടെ ഉപദേശങ്ങളനുസരിച്ച് ദൈവഭക്തിയിലും വി. അന്ത്യോഖ്യാ സഭാ വിശ്വാസാചാര നടപടികളിലും, അഭിവൃദ്ധിപ്പെട്ടു അനുഗൃഹിതരാകുകയും, ന്യായമായ പട്ടത്വവരുമാനങ്ങൾ അയാൾക്കു കൊടുക്കുകയും ഇങ്ങനെ ഉണർവുള്ള ഒരിടയനും അനുസരണമുള്ള ആട്ടിൻപററവും എന്നപോലെ നിങ്ങൾ ജീവിച്ചുകൊള്ളുകയും വേണം. അയാളെ കൈക്കൊള്ളുന്നവൻ നമ്മെ കൈക്കൊള്ളുന്നു. നമ്മെ കൈകൊള്ളുന്നവൻ നമ്മെ അയച്ചവനെ കൈകൊള്ളുന്നു. അയാളെ നിരസിക്കുന്നവൻ നമ്മെ നിരസിക്കുന്നു എന്നുള്ള ദൈവിക പരമാർത്ഥം നിങ്ങൾ നന്നായി അറിഞ്ഞിരിക്കുകയും വേണം. ദൈവഭയത്തോടും, സ്നേഹത്തോടും ഒരു ഉത്തമ പുരോഹിതനെന്ന നിലയിൽ നിങ്ങളുടെ ആത്മീയദിഷ്ടികളെല്ലാം യോഗ്യമാംവണ്ണം നടത്തിതരുവാൻ നാം അയാളോടു ആജ്ഞാപിച്ചിട്ടുള്ളതുമാകുന്നു. നിങ്ങളുടെ ജ്ഞാനത്തിനിതു മതി.

സർവശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും, സദാ നിങ്ങളെല്ലാവരിലും, വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യക മർത്തമറിയാമിൻേറയും, മോർ ഗീവറുഗീസ് സഹദായുടെയും ശേഷമുള്ള എല്ലാ വിശുദ്ധന്മാരുടെയും അഭയയാചനകളാൽ തന്നെ. ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ... കണ്ണുങ്കോട്ടു മോർ ഇഗ്നാത്തിയോസ് പള്ളിയിൽനിന്നും. ഒപ്പ്



പുതുപ്പള്ളി പള്ളി വികാരിമാരായിരുന്ന കാക്കോളിൽ (മററത്തിൽ) കുര്യൻ കത്തനാരും, പടിഞ്ഞാറെക്കററ് യാക്കോബ് കത്തനാരും ചില തല്പരകക്ഷികളുടെ പ്രവർത്തനങ്ങൾ മൂലം 1883ൽ മുടക്കപ്പെട്ടു. തുടർന്നു പള്ളിയിൽ കേസ്സുകൾ ആരംഭിച്ചു. പ. സിംഹാസന (അന്ത്യോഖ്യാ) ത്തുങ്കൽ ഇതു കേൾക്കപ്പെടുകയും, പരസ്പരം ക്ഷമിച്ചു പ്രശ്നങ്ങൾ അവസാനിപ്പിക്കുകയും വേണമെന്നു മെത്രാപ്പോലീത്താമാർക്കു അറിയിപ്പു ലഭിച്ചു. മുടക്കപ്പെട്ട വൈദികർ ഇരുവരും ചേർന്ന് ഒരു ഉടമ്പടി മെത്രാപ്പോലീത്താമാരുടെ മുമ്പാകെ എഴുതി രജിസ്ററർ ചെയ്തുകൊടുത്തു. പ്രസ്തുത ഉടമ്പടി സ്വീകരിച്ചും, മുടക്ക് അഴിച്ചുംകൊണ്ടു 1893ൽ മലങ്കര മെത്രാപ്പോലീത്തായും, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയും ചേർന്ന് അയച്ച കല്പനയുടെ ചില ഭാഗങ്ങൾ Z. M. പാറേട്ട് പള്ളി ചരിത്രത്തിൽ (പേജ് 202) ൽ ചേർത്തിട്ടുണ്ട് എങ്കിലും, പ. സിംഹാസനത്തോടുള്ള വിധേയത്വം അടങ്ങുന്ന ഭാഗം സൗകര്യപൂർവം വിസ്മരിച്ചിരിക്കുകയാണ്. കൽപ്പനയുടെ പൂർണരൂപം ചേർക്കുന്നു.

നമ്പർ 468

മലങ്കര യാക്കോബായ സുറിയാനി അസോസിയേഷൻ കമ്മിററി പ്രസിഡണ്ടായ മോർദിവന്നാസ്യോസ് മെത്രാപ്പോലീത്തായും കോട്ടയം മുതലായ പള്ളികളുടെ മോർ പൗലോസ് അത്താനാസിയോസ് മെത്രാപ്പോലീത്തായും കൂടി

(മുദ്ര)

നമ്മുടെ പുതുപ്പള്ളി പള്ളിയിലെ വികാരിയും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരും, ശേഷം ജനങ്ങളും, കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

നമ്മുടെ കാക്കോളിൽ കുര്യൻ കത്തനാരെയും, പടിഞ്ഞാറെക്കററ് യാക്കോബ് കത്തനാരേയും, മുടക്കുവാൻ ഉണ്ടായ കാരണവും, അന്നുമുതൽ ഇന്നയോളവും, തമ്മിൽ തമ്മിൽ ഉണ്ടായ മത്സരങ്ങളും, അടങ്ങാത്ത വ്യവഹാരങ്ങളും അതു നിമിത്തം പള്ളിക്കുണ്ടായ നഷ്ടങ്ങളും, നിങ്ങൾ അറിഞ്ഞിരിക്കുന്നവരാകകൊണ്ട്, അതിനെപ്പററി ആവർത്തിച്ചു പറഞ്ഞിട്ടാവശ്യമില്ലല്ലോ.

ആകയാൽ പ്രിയമുള്ളവരെ യോഗത്തിൽ ഭവിച്ചിരിക്കുന്ന ഭിന്നതകളും, നശിപ്പും നീങ്ങി ഏകയോഗക്ഷേമമായി കാണണമെന്നുള്ള ആഗ്രഹത്തിന്മേൽ സമാധാനത്തിനുവേണ്ടി വളരെ പ്രാവശ്യം ഞങ്ങൾ ശ്രമിക്കുകയും, ഫലപ്രാപ്തി ഉണ്ടായി കാണ്മാൻ കഴിയാതെ ഇരിക്കുകയും, ചെയ്തു എങ്കിലും ഈ സം

ഗതി വിവരം സിംഹാസനത്തുങ്കൽ കൊൾകപ്പെടുവാൻ ഇടവരികയും അവിടെനിന്നുണ്ടായ കല്പനകളിൽ സകല തർക്കങ്ങളും തമ്മിൽ തമ്മിൽ ക്ഷമിച്ചു മേലിൽ സമാധാനത്തോടു നടന്നുകൊള്ളണമെന്നുണ്ടായ ഭക്തിക്കടുത്ത കല്പനമൂലം സകല വാദങ്ങളും നിറുത്തി മേലിൽ സിംഹാസനത്തിലെ ചൊല്ലുവിളിക്കും, ഞങ്ങളുടെ കല്പനകൾക്കും, വിരോധമായോ, പള്ളിയിലെ കീഴ്നടപ്പിനും ക്ഷേമത്തിനും വിരോധമായോയാതൊന്നും ചെയ്യുന്നതല്ലെന്നും മററും, വിവരം കാണിച്ച ടി കുര്യൻ കത്തനാരും, ടി. യാക്കോബ് കത്തനാരും, ഇന്നേദിവസം ഉടമ്പടി രജിസ്ട്രാക്കിയിരിക്കയാൽ അവരുടെ മുടക്കതീർത്ത് ഈ കല്പനയെ അയയ്ക്കുന്നതാകകൊണ്ട കീഴ്നടപ്പിൻപ്രകാരം ആ പള്ളിയുടെ ഇടവക പട്ടക്കാരായി ഭക്തിയോടെ നിങ്ങൾ കൈകൊണ്ട നടന്നുകൊള്ളുകയും വേണം.

വിശേഷിച്ചും പ്രിയമുള്ളവരേ, ഇപ്പോൾ അവിടുത്തെ കമ്മങ്ങളും ജനങ്ങളുടെ ദിഷ്ടതികളും വികാരി കോറി പീലിപ്പോസ് കത്തനാരുടെ സഹായി ആയി നിന്നു നടത്തിവരുന്ന പാറപ്പുറത്ത് ഗീവറുഗീസ് കത്തനാരെ ഈ സന്ദർഭത്തിൽ ഒഴിച്ചു വിടുന്നതു ജനങ്ങൾക്ക് എത്രയും വ്യസനത്തിനു ഇടയായിത്തീരുമെന്നു മാത്രമല്ല അയാൾ നല്ല സ്വഭാവിയും, ഒരുവിധം പ്രസംഗിപ്പാൻ കഴിയുന്ന ആളും ആകകൊണ്ട് അയാളെ വിടർത്തുന്നത് ആ ഇടവക ജനങ്ങൾക്ക് ഒരു നഷ്ടമായി തീരുമെന്നു ഞങ്ങൾ വിചാരിക്കുന്നതാകയാൽ ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ ആ ഇടവക പട്ടക്കാരിൽ ഒരാളെപ്പോലെ ടി കത്തനാരെയും നിങ്ങൾ കൈകൊണ്ട ക്രമപ്രകാരമുള്ള വരുമാനങ്ങളെയും മററും അയാളുടെ ക്ഷേമത്തിനു വേണ്ടുന്ന സഹായങ്ങളെയും നിങ്ങൾ ചെയ്തുകൊടുത്തു പാലിക്കുകയും വേണം.

ശേഷം കാര്യങ്ങൾക്ക പിന്നാലെ എഴുതി അയയ്ക്കാം. സർവശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടുകൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1892 നു് കൊല്ലം 1068 വൃശ്ചികം 18നു കോട്ടയത്തു സെമിനാരിയിൽനിന്നും.

(ഒപ്പ്)